**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** **26-06-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള റോഡ് ബി.എം.ബി.സി.യാക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള റോഡ് ബി.എം.ബി.സി.യാക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; | (എ) | കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതും, BM വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. BC പ്രവൃത്തി കോൺക്രീറ്റ് വർക്ക്, റോഡ് സേഫ്റ്റി പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു പൊതുഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലായതിനാൽ (G3/337/2023) ഈ ഫയലിന്റെ തീരുമാനത്തിനനുസൃതമായി തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള റോഡിന് ഭരണാനുമതി നൽകാവുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിൽ കുഴികൾ രൂപപ്പെടുകയും വെള്ളം കെട്ടി നിന്ന് അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | റോഡിൽ കുഴികൾ രൂപപ്പെടുന്ന സാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മുഖാന്തിരം തന്നെ കുഴികൾ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആർ.സി./ പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുന്നതാണ്. വെള്ളം ഒഴുകി പോകുന്നതിന് കൃത്യമായി ഔട്ട് ലെറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അതാതു തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ